## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1332** **15.6.2012-ൽ മറുപടിക്ക്**

### മാലിന്യ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) ഖരമാലിന്യ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം തുടങ്ങിയ ഘടകങ്ങൾക്ക് ആവശ്യമായ സംവിധാനം ഉണ്ടാക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിലേക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ കേന്ദ്രീകൃതമായും വികേന്ദ്രീകൃതമായും മാലിന്യ സംസ്കരണത്തിലേക്കായി പ്ളാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പ്ളാന്റുകൾ കുറ്റമറ്റമാക്കു ന്നതിലേക്കും ആവശ്യമായ സാങ്കേ |

തിക/സാമ്പത്തിക സഹായങ്ങൾ സർക്കാരിൽ നിന്നും ശുചിത്വ മിഷൻ വഴി നൽകി വരുന്നു. കൂടാതെ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിലേക്കായി ആവശ്യമായ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും 90% സബ്സിഡിയോടെ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി അനുവദിച്ച് നൽകി വരുന്നു.

പരിഷ്കരിച്ച ബയോമെത്തനൈസേഷൻ, പൈറോളിസിസ്, ഗ്യാസിഫിക്കേഷൻ, ഇൻസിനറേഷൻ, തുടങ്ങിയ ആധുനിക സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിൽ 35 ടൺ പ്രതിദിന സംസ്കരണ ശേഷിയുള്ള ആധുനിക പ്ലാന്റ് തിരുവനന്തപുരത്ത് ഈ വർഷം അവസാനം പ്രവർത്തനക്ഷമമാകും. എറണാകുളത്തെ പ്ലാന്റിന് ടെന്റർ ക്ഷണിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ